പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1981 — 18.06.2013-ൽ മറുപടിയ്ക്ക്

## വേനൽക്കാല മാസങ്ങളിലെ വൈദ്യുതി നിയന്ത്രണം

| ചോദ്യം<br>ശ്രീ. ബാബു എം. പാലിശ്ശേരി: | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് വേനൽക്കാലത്ത് ഗാർഹിക ആവശ്യത്തിനായി ശരാശരി എത്ര മെഗാവാട്ട് വൈദ്യുതി യാണ് ഓരോമാസവും വേ ണ്ടത് ; | (എ) ശരാശരി 1400 മുതൽ 1500 വരെ മെഗാവാട്ട്. |
| (ബി) ലോഡ്ഷെഡ്ഡിംഗും പവർഹോ ളിഡെയും ആയി നിയന്ത്രണം ഏർപ്പെടുത്തിയതു പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞിട്ടു ണ്ട് ; | (ബി) സംസ്ഥാനത്ത് 'പവർഹോളി ഡേ' (Power Holiday) ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് 15.12.2012 മുതൽ 31.05.2013 വരെ വൈദ്യുതി ഉപയോഗത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു.<br><br>കൂടാതെ 18.04.2013 മുതൽ 11.06.2013 വരെ രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയത്ത് ഒരു മണിക്കൂർ വീതം ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്തിയിരുന്നു. കൂടാതെ 27.09.2012 മുതൽ വൈകുന്നേരം 6.30 മുതൽ 11.00 മണി വരെയുള്ള സമയത്ത് അര മണിക്കൂർ സൈക്ലിക്ക് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ലോഡ്ഷെഡ്ഡിംഗും, മറ്റു വൈദ്യുതി നിയന്ത്രണങ്ങളും ഏർപ്പെടുത്തുക വഴി, പകൽ സമയത്ത് ഏകദേശം 300 മെഗാവാട്ടും രാത്രി കാലങ്ങളിൽ ഏകദേശം 350 മെഗാവാട്ടു വരെയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് കരുതുന്നു. |

| | | | |
|---|---|---|---|
| (സി) | ലോഡ് ഷെഡ്ഡിംഗും പവർഹോളിഡെയും എന്നത്തേക്ക് അവസാനിപ്പിക്കാൻ കഴിയും എന്നാണ് കരുതുന്നത് ? | (സി) | സംസ്ഥാനത്ത് 15.12.2012 മുതൽ നിലനിന്നിരുന്ന വൈദ്യുതി നിയന്ത്രണങ്ങൾ, 01.06.2013-ഓടു കൂടി നിർത്തലാക്കിയിട്ടുണ്ട്. കൂടാതെ 18.04.2013 മുതൽ ഏർപ്പെടുത്തിയിരുന്ന പകൽ സമയത്തെ ഒരു മണിക്കൂർ ലോഡ്ഷെഡ്ഡിംഗ് 12-06-2013 ന് നിർത്തലാക്കിയിട്ടുണ്ട്. ഈ മാസം 16 മുതൽ രാത്രികാലങ്ങളിലുള്ള അര മണിക്കൂർ ലോഡ്ഷെഡ്ഡിംഗും പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.